# ഏലം വിപണിയുടെ പൊരുൾ തേടി

കെ.സതീഷ് ബാബു, കെ.എൻ. അഞ്ജലി
അഗ്രിക്കൾച്ചറൽ മാർക്കറ്റ് ഇന്റലിജൻസ് സെന്റർ, കേരള കാർഷിക സർവകലാശാല, വെള്ളാനിക്കര.

ലോകത്തിലെ പ്രധാനപ്പെട്ട ഏലം ഉൽപ്പാദകരാജ്യങ്ങൾ ഗോട്ടിമാല, ഇന്ത്യ എന്നിവയാണ്. സ്പൈസസ് ബോർഡിന്റെ കണക്കുകളിൽ ലോകത്തിലെ ഏലത്തിന്റെ ആകെ ഉൽപ്പാദനം 35000 ടണ്ണും അതിൽ തന്നെ ഒന്നാമതായി നിൽക്കുന്നത് ശരാശരി വാർഷിക ഉൽപ്പാദനം 20000 ടൺ ഉള്ള ഗോട്ടിമാലയുമാണ്. ഏലത്തിന്റെ ഇന്ത്യയിലെയും ഗോട്ടി മാലയിലെയും വിസ്ത്തീർണ്ണവും ഉത്പാദനവും, ചുവടെയുള്ള പട്ടിക.1–ൽ ചേർക്കുന്നു.

പട്ടിക. 1 ഏല കൃഷിയുടെ ഇന്ത്യയിലെയും ഗോട്ടിമാലയിലെയും വിസ്ത്തീർണ്ണവും ഉത്പാദനവും

| Year | വിസ്ത്തീർണ്ണം (ha) | | ഉത്പാദനം (MT) | |
|---|---|---|---|---|
| | ഇന്ത്യ | ഗോട്ടിമാല | ഇന്ത്യ | ഗോട്ടിമാല |
| 2000-01 | 72320 | 42297 | 10480 | 14780 |
| 2001-02 | 72663 | 48990 | 11365 | 17247 |
| 2002-03 | 73125 | 50370 | 11920 | 16694 |
| 2003-04 | 72237 | 62100 | 11580 | 20336 |
| 2004-05 | 73725 | 64170 | 11415 | 25932 |
| 2005-06 | 73795 | 67620 | 12540 | 28526 |
| 2006-07 | 73228 | 67620 | 11235 | 24500 |
| 2007-08 | 69300 | NA | 9450 | NA |
| 2008-09 | 71170 | NA | 11000 | NA |
| 2009-10 | 71110 | NA | 10075 | NA |

സുഗന്ധവ്യഞ്ജനങ്ങളുടെ രാജ്ഞി എന്നറിയപ്പെടുന്ന ഏലം അന്താരാഷ്ട്ര വിപണിയിൽ ഒഴിച്ചുകൂടാനാവാത്ത ഒരു സ്ഥാനം നേടിയിരിക്കുന്നു. കുങ്കുമപ്പൂവും, വാനിലയും കഴിഞ്ഞാൽ ലോകത്തിലെ ഏറ്റവും വില കൂടിയ സുഗന്ധവ്യഞ്ജനമായി ഏലം കണക്കാക്കപ്പെടുന്നു. സുഗന്ധവ്യഞ്ജനങ്ങളുടെ രാജ്ഞി എന്നതിനുപുറമെ, അടുക്കള വിഭവങ്ങളുടെയും, മധുരപലഹാരങ്ങളുടെയും റാണിയായിക്കൂടി ഏലത്തെ വിശേഷിപ്പിക്കാവുന്നതാണ്. പുരാതനകാലം മുതൽക്കേ സ്ത്രീകളുടെയും പുരുഷന്മാരുടെയും സൗന്ദര്യവർദ്ധക വസ്തുക്കളിൽ ഒരു സുഗന്ധദ്രവ്യമായി ഏലം ഉപയോഗിച്ചുപോന്നിരുന്നു. പശ്ചിമേഷ്യൻ രാജ്യങ്ങളായ സൗദി അറേബ്യയും യു.എ.ഇ യുമാണ് ഏലത്തിന്റെ ഉപഭോഗത്തിന്റെ കണക്കുകൾ പരിശോധിക്കുമ്പോൾ മുന്നിട്ടു നിൽക്കുന്നത്. മറ്റു പ്രധാന ഉപഭോഗരാജ്യങ്ങൾ ഇന്ത്യ, പാക്കിസ്ഥാൻ, ഡെൻമാർക്ക്, ഫിൻലാന്റ്, നോർവെ, ജർമനി, റഷ്യ, ജപ്പാൻ, യു.എസ്.എ എന്നിവയാണ് എന്നു ചിത്രം. 1–ൽ നിന്നു വ്യക്തമാകുന്നു.

ചിത്രം. 1. ഏലയ്ക്കാ ഉപഭോഗത്തിന്റെ ശതമാന കണക്കുകൾ



ഇന്ത്യക്ക് ഏറ്റവുമധികം വിദേശ നാണ്യം നേടി തരുന്ന വിളയാണെങ്കിലും, ഏലം ഇന്നും സ്വതന്ത്ര വ്യാപാരം നടത്താവുന്ന ഒരു ക്രയവസ്തു അല്ല. ഏലം വ്യാപാരവുമായി ബന്ധപ്പെട്ട 1987–ലെ വിപണന ലൈസൻസിംഗ് നിയമ പ്രകാരം, സ്പൈസസ് ബോർഡിൽ നിന്ന് ലൈസൻസ് ലഭിച്ച വ്യാപരികൾക്ക് മാത്രമേ, ഏലം നിയമപരമായി വ്യാപാരം ചെയ്യുവാൻ സാധിക്കുകയുള്ളു. സ്പൈസസ് ബോർഡ് കേരളത്തിലെ വണ്ടന്മേട്, പുറ്റടി, പുളിയന്മല, കുമളി എന്നീ പ്രധാന ഉത്പാദന– വ്യാപാര കേന്ദ്രങ്ങളിലും, തമിഴ്നാട്ടിലെ ബോഡിനായക്കനൂർ എന്നിവിടെയുമാണ് ഏലത്തിന്റെ ലേല കേന്ദ്രങ്ങൾ പ്രവർത്തിച്ചിരുന്നത്. ആദ്യകാലങ്ങളിൽ ഉണ്ടായിരുന്ന പരസ്യമായി വിളിച്ചു പറഞ്ഞുള്ള ലേലങ്ങളിൽ വ്യാപാരികൾ ഒത്തുകളിക്കുന്നു എന്നുള്ള വ്യാപകമായ പരാതിയെ തുടർന്ന് 2007 ഓഗസ്റ്റ് മാസം ബോഡിനായക്കനൂരിലും ഡിസംബറിൽ വണ്ടന്മേടിലും ഇലക്ട്രോണിക് ലേലം ആരംഭിച്ചു. വണ്ടന്മേടിലെ ഇ– ലേല കേന്ദ്രം ഇപ്പോൾ പുറ്റടിയിലെ സ്പൈസസ് പാർക്കിൽ പ്രവർത്തിച്ചു വരുന്നു.

ഏലം ഉത്പാദകർ നേരിടുന്ന ഒരു പ്രധാന വെല്ലുവിളി കാലാകാലങ്ങളിൽ ഏലത്തിന്റെ വിലയിൽ വരുന്ന ക്രമാതീതമായ വ്യതിയാനമാണ്. 2000–01–ൽ ഗോട്ടിമാല ഒരു പ്രധാന ഏലം ഉത്പാദക രാജ്യം എന്ന സ്ഥാനം നേടിയതിനു ശേഷം അവിടത്തെ ഉത്പാദനവും അവർ നിശ്ചയിക്കുന്ന വിലയും അന്തർദേശീയ വിപണിയെ കാര്യമായി സ്വാധീനിക്കുന്നു. കഴിഞ്ഞ സീസണിൽ ഗോട്ടിമാലയിലെ ഉത്പാദനത്തിൽ വന്ന ഗണ്യമായ കുറവ് ഇന്ത്യൻ വിപണിയിൽ ഉണ്ടാക്കിയ ഉണർവ് ഈ അവസരത്തിൽ സ്മരണീയമാണ്. ഓഗസ്റ്റ് മാസം വിളവെടുപ്പ് തുടങ്ങുന്നതു മുതൽ മാർച്ച് മാസത്തിലെ വിളവെടുപ്പ് കഴിയുന്നതുവരെയുള്ള ഒരു സീസണിലെ ഓരോ മാസവും വിലയിൽ ഉണ്ടാകുന്ന വ്യതിയാനങ്ങൾ ഏലത്തിന്റെ വിളവെടുപ്പിനെയും, വിപണനത്തേയും കുറിച്ച് ശരിയായ തീരുമാനമെടുക്കാൻ കർഷകർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു. ഗോട്ടിമാലയിലെ ഉത്പാദനത്തെകുറിച്ച് കച്ചവടക്കാരും, ഇടനിലക്കാരും പ്രചരിപ്പിക്കുന്ന ഊഹാപോഹങ്ങളും ഏലത്തിന്റെ വിപണിയെ കാര്യമായി ഉലയ്ക്കുന്നു എന്ന് പല കർഷകരും പരാതിപ്പെടുന്നു.

ചിത്രം. 2. വണ്ടന്മേട്ടിലെ ഏലയ്ക്കാ വിലയുടെ ഗതി




ഇത്തരം ഒരു സാഹചര്യത്തിലാണ് കേരള കാർഷിക സർവകലാശാലയുടെ കാർഷികസാമ്പത്തിക വിഭാഗത്തിനു കീഴിലുള്ള മാർക്കറ്റ് ഇന്റലിജൻസ് സെന്റർ 2009 ഡിസംബറിനു ശേഷം ഏലം വില ഉയർന്നു നില്ക്കുമെന്നുള്ള രണ്ട് പ്രവചനങ്ങളുമായി

കർഷകരുടെ സഹായത്തിന് എത്തിയത്. ഇത് ലോക്കൽ ടെലിവിഷൻ ശൃംഖലകളിലൂടേയും, ഓൾ ഇന്ത്യ റേഡിയോയുടെ ദേവികുളം സ്റ്റേഷൻ വഴിയും, പത്രദ്വാരയും, കർഷകൻ പോലുള്ള കാർഷിക മാസികകളിലൂടേയും പരമാവധി കർഷകരിൽ എത്തിക്കാൻ സെന്റർ ഊന്നൽ നൽകിയിരുന്നു. ഈ വർഷം സീസണിന്റെ തുടക്കത്തിൽ തന്നെ ഏലം വിലയുമായി ബന്ധപ്പെട്ട സൂചനകൾ സെന്റർ കർഷകർക്ക് നൽകിയിരുന്നു. ഈ സൂചന പ്രകാരം തന്നെ ആയിരുന്നു ഓഗസ്റ്റ് മാസത്തിലെ വില നിലവാരം. എന്നാൽ, ഗോട്ടിമാലയിലെ ഏലക്കായുടെ വരവിനെ കുറിച്ചുള്ള പരസ്പര വിരുദ്ധമായ പ്രചരണവും, ഉത്തരേന്ത്യയിലെ കനത്ത മഴയും, വെള്ളപൊക്കവും മൂലം വിപണിയിൽ ഉണ്ടായ മാന്ദ്യതയും, വിളവെടുപ്പ് ശക്തമായതിനാലും, ലേല കേന്ദ്രങ്ങളിലേക്ക് ചരക്ക നീക്കം ശക്തി പെട്ടതിനാലും, സെപ്റ്റംബറിൽ വിപണി സമ്മർദ്ദത്തിലായി. ഇതു മുതലെടുക്കുവാനായി കയറ്റുമതിക്കാർ വൻ തോതിൽ വിപണിയിൽ നിന്നു വിട്ടു നിന്നതും വിപണിക്ക് തിരിച്ചടിയായി. എന്നാൽ, ഉത്തരേന്ത്യയിൽ ശീതകാലംശക്തമാകുന്നതും, ദീപാവലി, ദുർഗ്ഗാപൂജ മുതലായ ഉത്സവങ്ങളുടെ തുടക്കവും, ജനുവരിയിൽ മകരസംക്രാന്തി വരെ നീണ്ടുനില്ക്കുന്ന കാലഘട്ടവും ഏലയ്ക്കാക്ക് ശക്തി പകരുന്ന ഘടകങ്ങൾ ആകയാൽ ഈ സീസണിൽ ഏലം വില മെച്ചപ്പെട്ടുതന്നെ നില്ക്കുമെന്നാണ് സെന്ററിന്റെ നിഗമനം; പ്രത്യേകിച്ച് ഉയർന്ന ഗുണനിലവാരം പുലർത്തുന്ന കേരളത്തിലെ ഏലത്തിന്റെ കാര്യത്തിൽ.

സംസ്ഥാനത്തെ ഏലം ഉത്പാദക കേന്ദ്രങ്ങളിൽ നീണ്ടുനിന്ന കാലവർഷം മൂലം ഉത്പാദനത്തിൽ വരുന്ന കുറവു കൂടി കണക്കിലെടുത്ത് വില്പന ക്രമീകരിച്ചാൽ കർഷകർക്ക് മെച്ചപ്പെട്ട വില ലഭിക്കാനുള്ള സാധ്യതയുണ്ട്, അതിനാൽ തന്നെ ഒക്ടോബറിനു ശേഷം വില കുറഞ്ഞ് ഡിസംബർ പകുതിയോടെ മെച്ചപ്പെടുന്ന പ്രതിഭാസം ഈ സീസണിൽ ആവർത്തിച്ചില്ലെങ്കിലും അത്ഭുതപ്പെടേണ്ട. ഏലം വിപണിയിലുള്ള ഊഹാപോഹങ്ങൾ നേരിടുവാൻ കർഷകരെ സഹായിക്കുന്ന ചില സൂചനകൾ കൂടി ഇത്തരത്തിൽ അനുസ്മരിക്കുന്നത് നന്നായിരിക്കും.

ഏലത്തിന്റെ വിലയിലുണ്ടാവുന്ന കാലികമായ മാറ്റങ്ങൾ പരിശോധിച്ചാൽ പൊതുവെ ഒക്ടോബർ മുതൽ മാർച്ച് വരെയുള്ള മാസങ്ങളിൽ നേരിയതോതിൽ മന്ദീഭവിപ്പുള ളതായും ഏപ്രിൽ മുതൽ സെപ്റ്റംബർ വരെയുള്ള മാസങ്ങളിൽ നല്ലൊരു ഉണർവ്വും ദൃശ്യമാ വുന്നുണ്ട്. കേരളത്തിൽ ഏലത്തിന്റെ വിളവെടുപ്പുകാലം ഒക്ടോബർ മുതൽ ഫെബ്രുവരി വരെയുള്ള മാസങ്ങളിലാണ്. ഇതിൽ തന്നെ ഒക്ടോബർ മുതൽ ഡിസംബർ വരെയാണ് വിള വെടുപ്പ് അധികരിക്കുന്ന മാസങ്ങൾ. ഈ കാലയളവ് പൊതുവെ ഏലത്തിന്റെ വിലകുറയുന്ന മാസങ്ങളായി കണക്കാക്കപ്പെടുന്നു. സീസൺ സമയത്തുള്ള ഈ ഒരു വിലകുറവ് ഏതൊരു വിപണിയിലെയും പോലെ ഏലത്തിന്റെ വിപണിയിലും പ്രകടമാകുന്നുണ്ട്. അത് തികച്ചും സ്വാഭാവികം മാത്രമാണ്.

സാമ്പത്തികരംഗത്തിന്റെയും വിപണിയുടെ മൊത്തം ഉണർവ്വിനെയും തളർച്ചയെയും ആശ്രയിച്ചു രൂപപ്പെടുന്ന ക്രമാനുഗത ചക്രഗതി പഠന വിധേയമാക്കിയതിന്റെ ഫലമായി കാണാൻ കഴിഞ്ഞത് 8–9 വർഷം നീണ്ടുനിൽക്കുന്ന ഒരു ചാക്രികതയാണ്. 1995 ജനുവരി മുതൽ 2002 മേയ് വരെയുള്ള കാലങ്ങളിൽ ദൃശ്യമാവുന്ന ഈ ചാക്രികത ഈ സീസണിൽ വരാവുന്ന വിപണിയുടെ ഉണർവ്വ് സൂചിപ്പിക്കുന്നുണ്ട്.

ചിത്രം. 3. ക്രമാനുഗതചക്രഗതി



ഏലത്തിന്റെ വിലയിൽ ഉണ്ടാകുന്ന കാര്യമായ മാറ്റങ്ങൾ പ്രധാനമായും കാലാവസ്ഥയിലുണ്ടാകുന്ന വ്യതിയാനങ്ങൾ, വിതരണവ്യതിയാനങ്ങൾ, ഊഹാപോഹങ്ങൾ എന്നിവ മൂലം സംഭവിയ്ക്കുന്നതാണ്. ആഗോളവ്യാപകമായി വിപണനം നടത്തുന്ന വിളകളിൽ ഉൽപ്പാദനത്തിലുണ്ടാകുന്ന വ്യതിയാനം, ഉപഭോഗത്തിലുണ്ടാകുന്ന മാറ്റങ്ങൾ, കച്ചവടത്തിലുണ്ടാകുന്ന താൽപ്പര്യം, ഊഹക്കച്ചവടം എന്നീ ഘടകങ്ങൾ വിലയിൽ ആകസ്മിക മാറ്റങ്ങൾ ചെലുത്തുന്നുണ്ടെന്ന് അംഗീകരിച്ചാൽ പോലും 2010-11 സീസൺ ഏലം കർഷകർക്ക് ശുഭകരമായി പര്യവസാനിക്കാണ് ഏറെ സാധ്യത.

ഉപസംഹാരം

കഴിഞ്ഞ സീസണിൽ വിലയിൽ വന്ന കാര്യമായ വ്യതിയാനം ഏലം കൃഷിയെ അനുകൂലമായും, പ്രതികൂലമായും ബാധിച്ചിട്ടുണ്ട്. ഏലം വിപണിയിലുണ്ടായ ഉണർവ് കേരളത്തിലെ പ്രത്യേകിച്ച് ഇടുക്കി പോലുള്ള മേഖലകളിൽ വൻ തോതിൽ കാർഷിക മേഖലയിലുള്ള മൂലധന നിക്ഷേപത്തിന് വഴിയൊരുക്കി. കർഷകർ ജലസേചനം പോലെയുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ ഈ വരുമാനം ഉപയോഗപ്പെടുത്തി എന്നത് സന്തോഷത്തിനു വക തരുന്നു എങ്കിലും ഈ റിക്കാർഡ് വിലക്കൊരു മറുവശം ഉണ്ടെന്ന കാര്യം നാം വിസ്മരിച്ചുകൂടാ.ഏലം വില 1000 രൂപ കവിഞ്ഞതോടെ ഇടുക്കി മേഖലകളിൽ രാസകീട- കുമിൾ നാശിനികളുടെ ഉപയോഗം ക്രമാതീതമായി വർദ്ധിച്ചുവെന്ന് കർഷകർ തന്നെ പരാതിപ്പെടുന്നുണ്ട്. ഈ പരിതസ്ഥിതിയിൽ ഉണ്ടാകുന്ന ആഘാതം കൂടുതൽ പഠന വിഷയം അർഹിക്കുന്നതാണ്.

മെച്ചപ്പെട്ട വില ലഭിച്ചതോടെ ചെടിയുടെ പരിപാലനത്തിൽ കർഷകർ കൂടുതൽ ശ്രദ്ധിച്ചു തുടങ്ങി. എന്നാൽ ഇതുകൊണ്ടുതന്നെ അധിക വളപ്രയോഗം നടത്തിയിട്ടാണെങ്കിലും വിളവുണ്ടാക്കുക എന്ന ലക്ഷ്യത്തോടെയാണ് ന്യൂനപക്ഷമെങ്കിലും ഒരു വിഭാഗം കർഷകർ മുന്നോട്ട് നീങ്ങുന്നത്. ഏലം പോലെ വിദേശ വിപണിയെ ആശ്രയിച്ചുനില്ക്കുന്ന ഒരു ഉല്പന്നത്തിന്ന് ഗുണമേന്മ, കീടനാശിനിയുടെ അവശിഷ്ടം എന്നീ കാര്യങ്ങളിൽ യൂറോപ്പ്യൻ-അമേരിക്കൻ വിപണിയിൽ നിന്നും കൂടുതൽ സൂക്ഷ്മമായ നീരീക്ഷണത്തിന് ഭാവിയിൽ സാധ്യത ഉണ്ടെന്ന കാര്യം കർഷകർ വിസ്മരിച്ചുകൂടാ. ഏല വിപണി കൂടുതൽ സജീവമാകുന്നതോടെ ഏലം കൃഷിയുമായി ബന്ധമില്ലാത്ത ഭൂമി ഇടപാടുകാരും, നിക്ഷേപകരും ഏലം കൃഷിയിലേക്ക് കാൽ വയ്പ്പ് നടത്താനുള്ള ശ്രമം അധികരിച്ചിരിക്കുന്നു. ഇങ്ങനെ നോക്കുമ്പോൾ സന്തോഷിക്കുവാൻ ഏറെ വക ഉണ്ടെങ്കിലും ഏലത്തിന്റെ ഭാവിയെ കുറിച്ച് നമ്മൾ ആശങ്കാകുലരാകേണ്ട ചില വസ്തുതകളും ഉണ്ടെന്ന് പ്രസ്താവിക്കേണ്ടിയിരിക്കുന്നു.

ഏലം വിപണിയുടെ പ്രവർത്തനക്ഷമത മെച്ചപ്പെടുത്തുവാൻ ഉതകുന്ന ഒരു നിർദേശം കൂടി മുന്നോട്ടു വയ്ക്കുന്നു. കാപ്പി കർഷകർ, കാപ്പി വില്പന കോഫി ബോർഡ് വഴി പൂൾ ചെയ്തു തന്നെ നടത്തണമെന്ന നിബന്ധന 15 മേയ് 1896-ലെ ഭേദഗതി മൂലം 50 ശതമാനം കോഫി ബോർഡ് വഴി വിൽക്കേണ്ട ക്വോട്ടയായും, ബാക്കി 50 ശതമാനം കർഷകർക്ക് സ്വതന്ത്രമായി വിൽക്കാനുള്ള ക്വോട്ടയുമായി നിജപ്പെടുത്തി. എന്നാൽ, കാപ്പി കർഷകരുടെ പ്രതിഷേധത്തിനേയും, സമ്മർദ്ദത്തിനേയും തുടർന്ന് കേന്ദ്ര ഗവൺമെന്റ് 1995-ൽ കോഫി നിയമത്തിൽ വീണ്ടുമൊരു ഭേദഗതി വരുത്തി കർഷകർക്ക് സ്വതന്ത്രമായി പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യം നല്കുകയുണ്ടായി. ഏലം കർഷകരുടെ നന്മക്കായി ഇത്തരം ഒരു സമീപനം സ്വീകരിക്കേണ്ട സമയം സമാഗതമായി എന്ന് തോന്നുന്നു. കുരുമുളകു പോലുള്ള വിദേശ നാണ്യം നേടി തരുന്ന മറ്റു സുഗന്ധവ്യഞ്ജന വിളകളിൽ ഇല്ലാത്ത നിയന്ത്രണം ഏലം കൃഷിയിൽ നിലനിർത്തിയിരിക്കുന്നത് വിചിത്രമെന്നേ വിശേഷിപ്പിക്കാനാവൂ. ഇന്ത്യ ഉൾപ്പെടെ ലോകമെമ്പാടുമുള്ള രാജ്യങ്ങൾ സ്വതന്ത്ര വ്യാപാരത്തിന്റെ പാതയിൽ മുന്നേറുന്ന ഒരു കാലഘട്ടത്തിൽ ഏലത്തിനു മാത്രം ഇപ്രകാരമൊരു കുച്ചു വിലങ്ങ് ഏലംകർഷകരെ എത്ര മാത്രം സഹായിക്കുന്നുണ്ട് എന്നു വിലയിരുത്തേണ്ടിയിരിക്കുന്നു. ചുരുങ്ങിയത്, കോഫി ബോർഡ് ചെയ്തതു പോലെ 50 ശതമാനം വിളയെങ്കിലും സ്വതന്ത്രമായി കൈകാര്യം ചെയ്യുവാനുള്ള അവകാശം കർഷകർക്ക് നൽകിയാൽ ഏലം വിപണിയുമായി ബന്ധപ്പെട്ട കുത്തക വ്യാപാര ബന്ധങ്ങൾ പൊട്ടിച്ചെറിയുവാൻ കർഷകർ പ്രാപ്തരാകുമെന്ന് കരുതപ്പെടുന്നു.

* * *